# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**

**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.11/2517/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 21/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.11/2517/2023 തീയ്യതി: 21/12/2023

## മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2022 മുതൽ 05-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 13-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുസ്തഫ എം. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. സബീന. എൻ | സെക്രട്ടറി | 01-04-2022 | 21-09-2022 |
| | | 03-10-2022 | 31-03-2023 |
| ശ്രീ. അബ്ദു സലീം. വി. പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-09-2022 | 02-10-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. അബ്ദു സലീം. വി. പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. മൃദു. ടി. ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 10-10-2022 |
| ശ്രീമതി. ഷമീന സി. | അസിസ്റ്റന്റ് എഞ്ചിനീയർ | 11-10-2022 | 31-03-2023 |
| ഡോ. ഷബ്ന പർവീൺ | മെഡിക്കൽ ഓഫീസർ (PHC) | 01-04-2022 | 28-04-2022 |
| ഡോ. ദിവ്യ കെ. | മെഡിക്കൽ ഓഫീസർ (PHC) | 29-04-2022 | 31-03-2023 |
| ശ്രീമതി. ഫാത്തിമ ഷഹീന കെ. എം. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ഗോപാലൻ കെ. | ഹെഡ്മാസ്റ്റർ | 01-04-2022 | 30-04-2022 |
| ശ്രീമതി. ബിന്ദു ടി. സി. | ഹെഡ്മിസ്ട്രസ്സ് | 01-05-2022 | 08-05-2022 |
| ശ്രീമതി. മാലതി എസ്. | ഹെഡ്മിസ്ട്രസ്സ് | 09-05-2022 | 31-03-2023 |
| ശ്രീ. ജിതിൻ പി. പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 01-10-2022 |
| ശ്രീ. ഗിരീഷ് കുമാർ എം. ബി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 02-10-2022 | 31-03-2023 |
| ശ്രീമതി. ജമീല ഇ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. ഫിസ ഷമീം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-2 |
| 4 | തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം | 1-1-4 |
| 6 | ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ബാലൻസ് ഷീറ്റും ലെഡ്ജറും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | കഴിഞ്ഞ വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പ് തൻവർഷത്തെ മുന്നിരിപ്പായി ചേർത്തതിൽ വ്യത്യാസം | 1-1-7 |
| 9 | ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-8 |
| 10 | ചെലവ് യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല | 1-1-9 |
| 11 | MGNREGS-എല്ലാ ചെലവുകളും വാർഷിക കണക്കിൽ ബുക്ക് ചെയ്തിട്ടില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | തൊഴിലുറപ്പ് പദ്ധതി -അവലോകനം | 1-6-1 |
| 18 | ക്ഷേമപെൻഷൻ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | തനത് വരുമാന സമാഹരണം - അവലോകനം. | 1-11 |
| 23 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-12 |
| 24 | ക്രമപ്രകാരമല്ലാതെ വാടക കുടിശ്ശിക എഴുതിത്തള്ളി-പഞ്ചായത്ത് ഫണ്ടിന് 87408/- രൂപയുടെ നഷ്ടം | 1-13 |
| 25 | ലൈസൻസ് അനുവദിച്ചതിൽ അപാകത | 1-14 |
| 26 | മിനി മാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ | 1-15 |
| 27 | തെരുവ് വിളക്ക് റിപ്പയർ -അപാകതകൾ | 1-16 |
| 28 | തെരുവ് വിളക്ക് സ്ഥാപിക്കിൽ -അപാകതകൾ | 1-17 |
| 29 | ഡെപ്പോസിറ്റ് /മുൻകൂർ നൽകൽ -രേഖകൾ ഹാജരാക്കണം | 1-18 |
| 30 | തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് -സംയുക്ത പരിശോധനക്ക് ശുപാർശ ചെയ്യുന്നു | 1-19 |
| 31 | ദുരിതാശ്വാസ നിധി-കാര്യക്ഷമമാക്കണം | 1-20 |
| 32 | അഗതിരഹിത കേരളം പദ്ധതി -അപാകതകൾ | 1-21 |
| 33 | MGNREGS-മുൻകൂർ ക്രമീകരിക്കണം | 1-22 |
| 34 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് -മുതൽകൂട്ടണം | 1-23 |
| 35 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടീജന്റ് ചെലവ് -അപാകതകൾ | 1-24 |
| 36 | ലൈബ്രറി സെസ്സ് അടവാക്കൽ– സർക്കാർ നിർദ്ദേശം പാലിക്കണം | 1-25 |
| 37 | പ്രൊജക്റ്റ് അസിസ്റ്റന്റിന് വേതനം നൽകൽ -സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 1-26 |
| 38 | MGNREGS മെറ്റീരിയൽ പർച്ചേസ് -അപാകതകൾ | 1-27 |
| 39 | കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു.പലിശയിനത്തിൽ നഷ്ടം | 1-28 |

| | | |
|---|---|---|
| 40 | എസ്.എസ്.കെ വിഹിതം അടവാക്കൽ– രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-29 |
| 41 | തുല്യത പഠനം - പഠിതാക്കളുടെ ഫീസ് അടവാക്കൽ -രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-30 |
| 42 | മരുന്നുകൾ ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-31 |
| 43 | വാഹന വാടക - ആദായ നികുതി TDS അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-32 |
| 44 | സിഡ്കോയിൽ നിന്ന് കട്ടിൽ വാങ്ങൽ–സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് | 1-33 |
| 45 | സിഡ്കോയിൽ നിന്ന് ഫർണ്ണിച്ചർ വാങ്ങൽ–സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് | 1-33-1 |
| 46 | സിഡ്കോയിൽ നിന്ന് കട്ടിൽ വാങ്ങൽ–സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് | 1-33-2 |
| 47 | പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-34 |
| 48 | ബഹു വർഷപ്രൊജക്ടുകൾ– സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-35 |
| 49 | ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ– സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-36 |
| 50 | മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല. | 1-37 |
| 51 | ഓഡിറ്റ് പരാമർശം- 10300/- രൂപ അടവാക്കി. | 1-38 |
| 52 | മാലിന്യ സംസ്കരണം ഒരേ ട്രിപ്പിനു 2 തവണ നൽകിയ വഹന വാടക 5850 രൂപ തിരിച്ചടവാക്കി | 1-39 |
| ഭാഗം **2** | | |
| 1 | ക്രമപ്രകാരമല്ലാതെ വാടക കുടിശ്ശിക എഴുതിത്തള്ളി-പഞ്ചായത്ത് ഫണ്ടിന് 87408/- രൂപയുടെ നഷ്ടം | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 19.07.2023ലെ 5(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 22.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി:

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-3 തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. [2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)].

### 1-1-4 ക്യാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 24140475/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 15122749/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-5 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

തൻവർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-1 പ്രകാരം Excess Of Income Over Expenditure ആയി രേഖപ്പെടുത്തിയിരിക്കുന്നത് 14020826/- രൂപയാണ്. എന്നാൽ ട്രയൽ ബാലൻസ് പ്രകാരം (ഹെഡ്കോഡ് 310900101) നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 12307154/- രൂപയാണ്.

### 1-1-6 ബാലൻസ് ഷീറ്റും ലെഡ്ജറും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

Temporary Advance For Official Purpose എന്ന ഹെഡിൽ 2021-22 സാമ്പത്തിക വർഷത്തിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം 1985533 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ തൻവർഷത്തെ ലെഡ്ജറിൽ രേഖപ്പെടുത്തലുകളില്ല.

### 1-1-7 കഴിഞ്ഞ വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പ് തൻവർഷത്തെ മുന്നിരിപ്പായി ചേർത്തതിൽ വ്യത്യാസം

Advance To Mahatma Gandhi NREGA/AUEGS Administrative Expense (ഹെഡ്കോഡ് 460500801) എന്ന ഹെഡിൽ രജിസ്റ്റർ പ്രകാരം മുന്നിരിപ്പായി 2048023രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-1 8 പ്രകാരം നീക്കിയിരിപ്പില്ല. 2021-22 സാമ്പത്തിക വർഷത്തിലെ ട്രയൽ ബാലൻസ് പ്രകാരം നീക്കിയിരിപ്പ് 3388458 രൂപയാണ്. എന്നാൽ തൻവർഷത്തെ ട്രയൽ ബാലൻസ് പ്രകാരം മുന്നിരിപ്പ് 2048023 രൂപയാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.25/10.11.2023 ) MGNREGS പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയപ്പോൾ ഭരണച്ചെലവുകൾ മാത്രമാണ് രേഖപ്പെടുത്തിയതെന്നും MIS മുഖേന ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക രേഖപ്പെടുത്തുന്നതിന് വിട്ടുപോയതിനാലാണ് വ്യത്യാസം വന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ രേഖപ്പെടുത്തലുകളും ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-8 ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഷെഡ്യൂൾ RP-10 പ്രകാരം തൻവർഷം 5000 രൂപ വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

### 1-1-9 ചെലവ് യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല

1)പ്രോജക്ട് നമ്പർ 93/23, 105/23, 35/23, 34/23, 33/23, 79/23, 81/23, 80/23, 92/23 എന്നീ പ്രോജക്ടുകളിലായി കുഴൽ കിണർ നിർമാണത്തിന് GWDയിൽ 648915 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ആയത് Advance To Implementing Agencies- Deposit With Ground Water Department എന്ന ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല. മേൽ പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തവ വാർഷിക കണക്കിൽ ഷെഡ്യൂൾ B-18ൽ ഉൾപ്പെടുത്തിയിട്ടില്ല.
2)പ്രോജക്ട് നമ്പർ 197/23 പ്രോജക്ടിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് KSEBയിൽ 11620 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ആയത് Advance To Implementing Agencies- Deposit With KSEB എന്ന ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല. കൂടാതെ മേൽ പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഷെഡ്യൂൾ B-18ൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. ആയത് ഉൾപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.25/10.11.2023 ) പുതിയ സോഫ്റ്റ്വെയറായ ILGMSൽ ചെലവ് രേഖപ്പെടുത്തുന്നതിലുള്ള പരിചയക്കുറവ് മൂലമാണ് യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്യാൻ വിട്ടു പോയതിന് കാരണമെന്നും തൻവർഷം മുതൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉറപ്പ് വരുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ രേഖപ്പെടുത്തലുകളും യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-10 MGNREGS-എല്ലാ ചെലവുകളും വാർഷിക കണക്കിൽ ബുക്ക് ചെയ്തിട്ടില്ല.

തൊഴിലാളികൾക്ക് വേതനമായി നൽകുന്ന തുകയും പൊതു ആസ്തികൾ നിർമിക്കുന്നതിന് വേണ്ടി ചെലവഴിച്ച തുകയും വാർഷിക കണക്കിൽ ബുക്ക് ചെയ്തിട്ടില്ല.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം 1 (1)/24.03.2022 | തീരുമാനം 1 (1)/24.02.2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20234955 |
| വരവ് | 171676186 |
| ആകെ | 191911141 |
| ചെലവ് | 156553437 |
| നീക്കിയിരിപ്പ് | 35357704 |

നോട്ട്:- വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേമെന്റ് പത്രികയിലെ തുകകളോടൊപ്പം, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ, സേവന പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവ കൂടി ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18926887 | 18926887 | 18926887 | 0 |
| വികസന ഫണ്ട് (SCP) | 0 | 7848672 | 7848672 | 7848672 | 0 |
| വികസന ഫണ്ട് (TSP) | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൽസ് കമ്മീഷൻ ഗ്രാൻറ്-അൺടൈഡ് | 0 | 3197000 | 3197000 | 2863906 | 333094 |
| സെൻട്രൽ ഫിനാൽസ് കമ്മീഷൻ ഗ്രാൻറ്-ടൈഡ് | 0 | 5823823 | 5823823 | 3608844 | 2214979 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 6429000 | 6429000 | 6252652 | 176348 |
| മെയിന്റനൻസ് ഫണ്ട് -റോഡിതരം | 0 | 4949000 | 4949000 | 4949000 | 0 |

കുറിപ്പ്-ചുവടെ ചേർത്ത ഇനങ്ങളിൽ ACR, Grant Statement, AFS എന്നിവ പ്രകാരമുള്ള ചെലവ് ചുവടെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | ACR പ്രകാരമുള്ള ചെലവ് | Grant Statement പ്രകാരമുള്ള ചെലവ് | AFS പ്രകാരമുള്ള ചെലവ് |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 20568000 | 19721025 | 19721025 |
| വികസന ഫണ്ട് (SCP) | 9900000 | 9867444 | 9867444 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 229 | 228790662 | 194 | 91825919 | 35 | 84.71 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 656570 | 656570 | 493000 | 163570 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 19180128 | 19180128 | 19180128 | 0 |

കുറിപ്പ്-തൊഴിലാളികൾക്ക് വേതനമായി നൽകുന്ന തുകയും പൊതു ആസ്തികൾ നിർമിക്കുന്നതിന് വേണ്ടി ചെലവഴിച്ച തുകയും വാർഷിക കണക്കിൽ ബുക്ക് ചെയ്തിട്ടില്ല.

## 1-6-1 തൊഴിലുറപ്പ് പദ്ധതി -അവലോകനം

| ക്രമനം. | വിശദാംശം | 22-23 |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2995 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2995 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 318 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 24553125 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 164 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 69 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 27 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 19836698 |
| 9 | തൻവർഷത്തെ ചെലവ് | 19673128 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 803 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 803 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 68 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 17 |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | 9 |

2022-23വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന 26 പ്രവർത്തികൾ (ആകെ ചെലവ് 4191453) തൊഴിലുറപ്പപദ്ധതി പ്രകാരം താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട് വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവർത്തി | എണ്ണം 2022-23 |
|---|---|
| റോഡ് | 17 |
| കോഴിക്കൂട് | 1 |
| ആട്ടിൻകൂട് | 1 |
| തൊഴുത്ത് | 3 |
| കയർ ഭൂവസ്ത്രം | 0 |
| മറ്റുള്ളവ | 4 |
| ആകെ | 26 |

ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തികരിക്കാൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതും അപേക്ഷിച്ച എല്ലാ ഗുണഭോക്താക്കൾക്കും 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2364800 | 208 |
| വിധവാ പെൻഷൻ | 13177400 | 1206 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 18496600 | 1740 |
| വികലാംഗ പെൻഷൻ | 4178600 | 398 |
| വിവാഹ ധനസഹായം | 210000 | 7 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 609600 | 56 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.11.2023ന് 10.45amന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18852/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1)ആസ്തിരജിസ്റ്റർ പൂർണ്ണമല്ല. ആസ്തികളുടെ സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

2)ഗവ. സർക്കുലർ നം. 86/2010/ഫിൻ തി. 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല. പുതുതായി വാങ്ങിയവ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3)കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും, ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും, പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല. സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും ( ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല.ഫർണ്ണിച്ചറുകൾക്ക് നമ്പറിങ് നടത്തിയിട്ടില്ല.

4)വി.ഇ.ഒ, കൃഷി ഓഫീസർ, എച്ച്.എം, എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല
5) ജി ഒ (എം എസ് ) നം. 11/2018/ത.സ്വ.ഭ.വ തി. 29.01.2018 ഖണ്ഡിക 3(12,13) പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിൽ മാത്രമാണ്.

6)ക്ഷേമ പെൻഷൻ രജിസ്റ്ററുകൾ പൂർണ്ണമല്ല. ഗുണഭോക്താക്കളുടെ നിലവിലെ എണ്ണം. തൻവർഷം വിട്ടു പോയവർ എന്നിവരുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല.മസ്റ്ററിങ് നടത്തിയ വിവരം ലഭ്യമാക്കിയിട്ടില്ല.

7)വാർഷിക കണക്കിൽ എല്ലാ വരവ് ചെലവുകളും ഉൾപ്പെട്ടിട്ടില്ല (ഉദാ-തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിൽ കൂലി)
8)അപകടാവസ്ഥയിലുള്ള പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് തുടർ നടപടി സ്വീകരിച്ചിട്ടില്ല (2021-22 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-12 ആയി പരാമർശിച്ചിരുന്നു.)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.09.2022 | 4/2022 മുതൽ 8/2022 വരെ | 31.09.2022 |
| എ.ജി ഓഡിറ്റ് | 19.10.2009 മുതൽ 28.10.2009 വരെ | 2004-05 മുതൽ 2008-09വരെ | 03-12-2009 |

## 1-11 തനത് വരുമാന സമാഹരണം - അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

### 1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസമിതി മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ച കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 19 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

**2) വസ്തുനികുതി.**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ച കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക വിജ്ഞാപനം) 08.05.2023ന് പരസ്യപ്പെടുത്തുകയും 19.6.2023ന് ഭരണസമിതി യോഗത്തിലെ 6(1) തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

3).മേഖലാ തരംതിരിവ്, റോഡുകളുടെ വർഗീകരണം എന്നിവ 19.6.2023ലെ ഭരണസമിതി യോഗത്തിൽ 5(1) തീരുമാന പ്രകാരം അന്തിമമായി അംഗീകരിച്ചിട്ടുണ്ട്. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. ആയത് സൂക്ഷിക്കേണ്ടതാണ്.

4). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 582 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. ആയതിന് അപേക്ഷ ക്ഷണിച്ച് അഭിമുഖത്തിലൂടെ 3 പേരെ നിയമിച്ചിട്ടുണ്ട്. ഫീൽഡ് വെരിഫിക്കേഷൻ ആരംഭിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**3).സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ ഡ്രൈനേജ്ജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|

| | |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

**4)തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ കാര്യക്ഷമമായ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല. റേഷൻ കടകൾക്ക് കത്ത് നൽകി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

**5).ലൈസൻസ് ഫീസ്.**

2022-23 സാമ്പത്തിക വർഷത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നായി 134600/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുക്കേണ്ട മുഴവൻ തുകയും പിരിച്ചെടുത്തിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**6) വാടക**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടകയിനത്തിൽ 352078 രൂപ തൻവർഷം വരവ് ഉണ്ട്. വാടക ഇനത്തിൽ കുടിശ്ശിക ഉണ്ടായിരുന്ന 87408/- രൂപ ക്രമപ്രകാരമല്ലാതെ എഴുതിത്തള്ളിയിട്ടുണ്ട്. ആയത് ഒഴികെ തൻവർഷം ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച്

നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രം.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യ പത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷി ക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | 169/16-മീഡിയശ്രീ | 2015-16 | ജില്ലാകുടുംബശ്രീ,മലപ്പുറം | 65000 | തനത് | - | 65000-u/c ലഭ്യമായിട്ടില്ല |
| 2 | 104/17-സമ്പൂർണ്ണവൈദ്യുതീകരണം | 2016-17 | കെ.എസ്.ഇ.ബി | 474698 | തനത് | - | 474698-u/c ലഭ്യമായിട്ടില്ല |
| 3 | 106/18-എസ്.എസ്.എ | 2017-18 | എസ്.എസ്.എ | 700000 | പ്ലാൻ | - | 700000-u/c ലഭ്യമായിട്ടില്ല |
| 4 | 297/21-കുഴൽകിണർ | 2021-22 | കേരള ഗ്രൗണ്ട് വാട്ടർ | 54046 | എസ്.സി.പി | | 54046-u/c ലഭ്യമായിട്ടില്ല |
| 5 | 128/21-സ്ട്രീറ്റ് മെയിൻ | 20121-22 | കെ.എസ്.ഇ.ബി | 200000 | ജനറൽ | | 200000-u/c ലഭ്യമായിട്ടില്ല |
| ആകെ | | | | | | | 1493744/- |

മേൽ പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യുന്നതിനാൽ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം:2/22-23/6.11.23)സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിലാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-13 ക്രമപ്രകാരമല്ലാതെ വാടക കുടിശ്ശിക എഴുതിത്തള്ളി-പഞ്ചായത്ത് ഫണ്ടിന് 87408/- രൂപയുടെ നഷ്ടം

വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ പട്ടിക്കാട് -ചുങ്കം ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സിലെ 13ാം നമ്പർ കടമുറി ലേലം കൊണ്ട ശ്രീ.ഗിരീഷ് ടി.കെ എന്നയാളുടെ 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വാടക ഭരണസമിതിയുടെ 21.03.2023ലെ 9/2 തീരുമാന പ്രകാരം എഴുതി തള്ളിയിട്ടുണ്ട്. വാടകയിനത്തിൽ 87408/- രൂപ കുടിശ്ശിക ഉള്ളതായും ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും 08.03.2023ലെ കെ.എസ്.എ.എം.പി.എം.11/2629/22 നമ്പർ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-12, 1-15 പ്രകാരം നിർദേശിച്ചിട്ടുള്ളതാണ്. കടമുറി പൊട്ടി പൊളിഞ്ഞ് ചോർച്ചയുള്ളതിനാൽ ഉപയോഗിക്കാൻ കഴിയില്ലെന്നും, ആയതിനാൽ ടി കടമുറി ഒഴിയുകയാണെന്നും കാണിച്ച് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. (കുറിപ്പ്: ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷയിന്മേൽ തിയ്യതി, ഫ്രണ്ട് ഓഫീസിൽ ലഭിച്ചതിന്റെ നമ്പർ എന്നിവ ഇല്ല). അപേക്ഷയിന്മേൽ ഭരണ സമിതി അന്വേഷണം നടത്തി ടിയാൻ 2020-21 സാമ്പത്തിക വർഷം മുതൽ കടമുറി ഉപയോഗിച്ചിട്ടില്ല എന്നതിന്റെ അടിസ്ഥാനത്തിൽ 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വാടക കുടിശ്ശിക ആയ 87408 രൂപ 21.03.2023ലെ 9/2 തീരുമാന പ്രകാരം എഴുതി തള്ളുകയാണ് ചെയ്തിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ ) ചട്ടങ്ങൾ ചട്ടം-3(1),3(2),3(3) എന്നിവ പ്രകാരം വസൂലാക്കാൻ സാധിക്കാത്ത തുക എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമ്പോൾ സെക്രട്ടറി പരിശോധിച്ച് തുക എഴുതിത്തള്ളേണ്ടതിന്റെ കാരണങ്ങൾ കാണിച്ച് കൊണ്ടുള്ള റിപ്പോർട്ട് സഹിതം ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതും സെക്രട്ടറിയുടെ റിപ്പോർട്ട് പരിഗണിച്ച ശേഷം സ്റ്റാന്റിങ് കമ്മിറ്റിക്ക് തുക എഴുതിത്തള്ളാൻ പഞ്ചായത്തിനോട് ശുപാർശ ചെയ്യാവുന്നതുമാണ്. ഇത്തരത്തിൽ പഞ്ചായത്ത് കമ്മിറ്റി തുക എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമ്പോൾ കുടിശ്ശിക ഈടാക്കാൻ വേണ്ടി സാധ്യമായ എല്ലാ നടപടികളും കൈക്കൊണ്ടിരുന്നുവെന്നും, അത് ഈടാക്കാനുള്ള സാധ്യത വളരെ കുറവാണെന്നുമുള്ള കാര്യം ഉറപ്പാക്കേണ്ടതുമാണ്. തുക ഈടാക്കാൻ യാതൊരു വിധത്തിലും സാധിക്കുകയില്ലെന്ന് പഞ്ചായത്തിന് ബോധ്യപ്പെട്ടാൽ ഗ്രാമപഞ്ചായത്തിന് പരമാവധി ആയിരം രൂപയിൽ കവിയാത്ത തുക

എഴുതിത്തള്ളാൻ തീരുമാനിക്കാവുന്നതാണ്. തുക പരമാവധിയിൽ കൂടുതലാണെങ്കിൽ കവിഞ്ഞാൽ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും സർക്കാരിൽ നിന്നും അംഗീകാരം നേടിയ ശേഷം മാത്രമേ പഞ്ചായത്തിന് എഴുതിത്തള്ളാൻ കഴിയൂ.

കൂടാതെ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ ചട്ടം-5(4) പ്രകാരം പഞ്ചായത്തിന്റെ പരിഗണനയ്ക്കായി അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതൊരു വിഷയത്തെ സംബന്ധിച്ചും , ആക്ടിലെയും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി തീരുമാനമെടുക്കുന്നതിനാവശ്യമായ ഉപദേശം പഞ്ചായത്തിന് നൽകാൻ സെക്രട്ടറിക്ക് ബാധ്യതയുള്ളതാണ്. കൂടാതെ ചട്ടം 29 (3) പ്രകാരം പഞ്ചായത്ത് പാസാക്കിയ ഏതെങ്കിലും തീരുമാനം നിയമാനുസൃതം പാസാക്കിയതല്ലെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം, പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യാൻ സെക്രട്ടറി പഞ്ചായത്തിനോട് രേഖാമൂലം ആവശ്യപ്പെടേണ്ടതും പഞ്ചായത്തിന്റെ തൊട്ടടുത്ത യോഗത്തിൽ പരിഗണിച്ചതിന് ശേഷം പഞ്ചായത്ത് ആദ്യ തീരുമാനത്തിൽ ഉറച്ച് നിൽക്കുന്നുവെങ്കിൽ പഞ്ചായത്ത് തീരുമാനവും അതിൻമേലുള്ള തന്റെ അഭിപ്രായവും സെക്രട്ടറി സർക്കാരിന്റെ തീരുമാനത്തിനായി രണ്ട് ദിവസത്തിനുള്ളിൽ രജിസ്റ്റേർഡ് തപാലിൽ സർക്കാരിന് അയച്ച് കൊടുക്കേണ്ടതുമാണ്.

എന്നാൽ മേൽ വിഷയത്തിൻമേൽ സെക്രട്ടറി അന്വേഷണം നടത്തുകയോ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഭരണസമിതിയുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് തുക എഴുതിത്തള്ളിയിട്ടുള്ളത്. കൂടാതെ ചട്ട പ്രകാരം പരമാവധി ആയിരം രൂപ മാത്രമെ പഞ്ചായത്തിന് എഴുതിത്തള്ളാൻ അധികാരമുള്ളൂ എന്നിരിക്കെ ഭരണസമിതി തീരുമാന പ്രകാരം 87408/- രൂപയാണ് എഴുതിത്തള്ളിയിട്ടുള്ളത്. ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി തീരുമാനമെടുക്കുന്നതിനാവശ്യമായ ഉപദേശം സെക്രട്ടറി പഞ്ചായത്തിന് നൽകുകയോ പഞ്ചായത്ത് തീരുമാനം പുനപരിശോധിക്കാൻ സെക്രട്ടറി പഞ്ചായത്തിനോട് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 26/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്രമപ്രകാരമല്ലാതെയുള്ള നടപടിയിൽ ആവശ്യമായ ഉപദേശം നൽകാത്തത് സെക്രട്ടറിയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 87408/- രൂപയുടെ നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നു. തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസ് അനുവദിച്ചതിൽ അപാകത

1996ലെ കേരള പഞ്ചായത്ത് രാജ് നിയമം ( വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ ചട്ടം 8 പ്രകാരം അഞ്ച് വർഷത്തേക്ക് ലൈസൻസ് അനുവദിക്കപ്പെട്ട പോബ്സൺ ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് ഡയറക്ടർ ഡി.ഡി.പി.മാർക്ക് അയച്ച 12.03.2019ലെ പിഎഎൻ/3053/2019-സി4(ഡിപി) കത്ത് പ്രകാരം അഞ്ച് വർഷത്തേക്ക് ലൈസൻസ് അനുവദിക്കുന്ന സംഗതികളിൽ ലൈസൻസ് അനുവദിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകൾ, ബോർഡുകൾ, ഏജൻസികൾ എന്നിവ നൽകുന്ന ക്ലിയറൻസുകൾ അഞ്ച് വർഷക്കാലയളവിലേക്കുള്ളതാണെങ്കിൽ ലൈസൻസിന്റെ കാലാവധി അഞ്ച് വർഷക്കാലയളവിലേക്ക് നിജപ്പെടുത്തേണ്ടതാണെന്നും ക്ലിയറൻസിന്റെ കാലാവധി അഞ്ച് വർഷത്തിൽ താഴെയാണെങ്കിൽ ലൈസൻസിന്റെ കാലാവധി ക്ലിയറൻസിന്റെ കാലാവധി വരെ നിജപ്പെടുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ അപേക്ഷയോടൊപ്പം സമർപ്പിച്ച ക്ലിയറൻസ് രേഖകളിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 04.05.2018 ലെ Consent No. PCB/CO/R3/07/18 നമ്പർ അനുമതി പത്രത്തിന്റെ കാലാവധി 30.06.2023 വരെയും 27.07.2022ലെ Consent No. PCB/MLPM/IC-CVO/7633/2022 നമ്പർ അനുമതി പത്രത്തിന്റെ കാലാവധി 15.08.2023 വരെയുമാണ്. ആയതിനാൽ 27.4.2020 ന് അനുവദിച്ച ബി- 1-771/20/2020-21-2, ബി-1-771/20/2020-21-3, ബി- 1-771/20/2020-21-4 നമ്പർ ലൈസൻസുകളുടെ കാലാവധി ക്ലിയറൻസിന്റെ കാലാവധി വരെ നിജപ്പെടുത്തേണ്ടതായിരുന്നു. ആയത് പാലിക്കപ്പെട്ടിട്ടില്ല. മറ്റ് വകുപ്പുകളിൽ നിന്നുള്ള പെർമിഷൻ, ലൈസൻസ്, മറ്റ് ക്ലിയറൻസുകൾ എന്നിവ യഥാസമയം പുതുക്കാത്ത പക്ഷം ഈ ലൈസൻസ് സ്വയം റദ്ദാവുന്നതാണ് എന്ന് ലൈസൻസിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ കാലാവധിയുള്ള ക്ലിയറൻസ്/നിരാക്ഷേപ സർട്ടിഫിക്കറ്റുകളില്ലാതെ അസാധുവായ ലൈസൻസുകൾ പ്രകാരമാണ് മേൽ സ്ഥാപനം പ്രവർത്തിക്കുന്നത്.

2. 1996ലെ കേരള പഞ്ചായത്ത് രാജ് നിയമം ( വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ ചട്ടം 7 , പട്ടിക രണ്ടിൽ ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന ഫീസ് സംബന്ധിച്ച പുതുക്കിയ നിരക്കുകൾ (31.10.2017ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം) വ്യക്തമാക്കിയിട്ടുള്ളതാണ്.

എന്നാൽ ലൈസൻസ് അനുവദിച്ചപ്പോൾ മേൽ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് കുറവായിട്ടാണ് ഈടാക്കിയത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസിയുടെ പേര് | ലൈസൻസ് നൽകിയിട്ടുള്ള പ്രവർത്തനം | മൂലധന നിക്ഷേപം | ഈടാക്കാവുന്ന ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| ശ്രീ. കെ.എ.എബ്രഹാം, | 200 HP മോട്ടോർ ഉപയോഗിച്ച് ക്രഷർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് | ഉൽപ്പാദന മേഖല 6 കോടി | പ്രതി വർഷം 10000/- രൂപ നിരക്കിൽ 5 വർഷത്തേക്ക് 50000/-+പ്രതി വർഷം 2000/- രൂപ നിരക്കിൽ 5 വർഷത്തേക്ക് 10000/-<br><br>ആകെ (60000/-) | 5 വർഷത്തേക്ക് 20000 +10000/-<br>ആകെ(30000/-) |

ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത് കാരണം ഗ്രാമപഞ്ചായത്തിന് 30000/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 37/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 5 വർഷ ലൈസൻസ് അനുവദിക്കുമ്പോൾ സർട്ടിഫിക്കറ്റ് കാലാവധി യഥാസമയം നിരീക്ഷിക്കേണ്ടതും കാലാവധിയുള്ള സർട്ടിഫിക്കറ്റുകൾ ഇല്ലാത്ത മുറക്ക് നിയമപ്രകാരം നോട്ടീസ് നൽകി സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തി വെപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ സ്ഥാപനത്തിൻമേൽ ചട്ട പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-15 മിനി മാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ

**നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി**

| പ്രൊജക്ട് /പേര് | 90/23 -മിനിമാസ്റ്റ് സ്ഥാപിക്കൽ | അടങ്കൽ | 1950000 (ജനറൽ ) |
|---|---|---|---|
| ചെലവ് | 1950000/- | ബിൽ നം/തീ | 228/2.2.23 |
| അക്രഡിറ്റഡ് ഏജൻസി | കെൽട്രോൺ,കോഴിക്കോട് | എഗ്രിമെൻറ് | 15/22-23/14.12.22 |

പ്രൊജക്ട് പ്രകാരം “നേരിട്ടുള്ള നിർവ്വഹണം “വഴി മിനി മാസ്റ്റ് സ്ഥാപിക്കൽ ആയിട്ടാണ് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്ത് തീരുമാന പ്രകാരം നോൺ പി.എം.സി ആയിട്ടുള്ള “കെൽട്രോണിനെ” പ്രവർത്തി ടെൻണ്ടർ കൂടാതെ എൽപ്പിക്കുകയായിരുന്നു. പഞ്ചായത്ത് സെക്രട്ടറിയുടെ എ2/168/22/7.12.22 നമ്പർ കത്ത് പ്രകാരം കെൽട്രോണിനെ വർക്ക് ഓർഡർ നൽകി. കെൽട്രോണിന്റ ബിൽ ഇൻവോയ്സ് താഴെപ്പറയും പ്രകാരമാണ്

ബിൽ ഇൻവോയ്സ് നം : KLD/L/22-23/27.1.2023

സ്പസിഫിക്കേഷൻ : 8mtr Midium Mast SL With 150w 6nos LED F/L 10 Nos @165254.00 1652542.00 GST @ 18% 297458.00- 1950000.00

തുക അനുവദിച്ചത്

കെൽട്രോൺ : 1883900

IT 1% : 16525

W.F 1% : 16525

GST TDS 2% : 33050

**ആകെ : 1950000/-**

അപാകതകൾ

1.പ്രൊജക്ട് പ്രകാരം “മിനി മാസ്റ്റ് “ ആണ് സ്ഥാപിക്കേണ്ടത്. എന്നാൽ കെൽട്രോൺ സ്ഥാപിച്ചത് ബിൽ ഇൻവോയ്സ് പ്രകാരം “മിഡിയം മാസ്റ്റ്” ആണ്.

2.കെ.എസ്.ഇ.ബി യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

3. ആദായ നികുതി 2% ഈടാക്കേണ്ടിയിരുന്നത് 1% മാത്രം ഈടാക്കി (PAN NO:AABCK1319E) 16525 രൂപ കുറവ്

4. കെൽട്രോൺ സമർപ്പിച്ച് പൂർത്തീകരണ സാക്ഷ്യ പത്രത്തിൽ ലൊക്കേഷൻ സ്കെച്ച് വിവരം ചേർത്തിട്ടില്ല.

5. കെൽട്രോൺ തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് ഫയലിൽ ഇല്ല.

6. ബിൽ ഇൻവോയ്സ് പ്രകാരമുള്ള സ്പെസിഫിക്കേഷൻ ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. (150 W കപ്പാസിറ്റിയുള്ള 6 ലൈറ്റുകൾ സ്ഥാപിച്ചതായിട്ടാണ് ബിൽ സമർപ്പിച്ചിട്ടുള്ളത് എന്നാൽ പരിശോധനയിൽ 132 W ഉള്ള 6 ലൈറ്റുകൾ ആണ് സ്ഥാപിച്ചിട്ടുള്ളത് )

7. 2 വർഷത്തേ ഗ്യാരന്റിയുള്ള ലൈറ്റുകളുടെ ഗ്യാരന്റി കാർഡ്, കാറ്റലോഗ് എന്നിവ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (6/22-23/7.11.23)ലഭ്യമാക്കിയ മറുപടിയിൽ താഴെ പറയുന്ന വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ അംഗീകരിക്കുന്നില്ല.

1. പ്രൊജക്ട് ഇൻസ്റ്റലേഷൻ ആയതിനാൽ IT 2%, 1%W.F, 2% TDS എന്നിവ നടത്തണം (IT 16525/രൂപ കുറവ് )

2. സ്ഥാപിച്ച ബൾബുകൾ 150w ആണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

3. സ്ഥാപിച്ച സ്ഥലം സംബന്ധിച്ച് കൃത്യമായ വിവരം ഏജൻസി നൽകിയിട്ടില്ല

4. KSEB യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

അപാകതകൾ പരിഹരിക്കുന്നത് വരെ തുക 19,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 തെരുവ് വിളക്ക് റിപ്പയർ -അപാകതകൾ

**നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി**

| | | | |
|---|---|---|---|
| പ്രൊജക്ട് /പേര് | 82/23-തെരുവ് വിളക്ക് റിപ്പയർ(SO) | അടങ്കൽ | 335536 (തനത് ) |
| ചെലവ് | 332494/-(പാർട്ട് ബിൽ) | ബിൽ നം/തീ | 465/20.3.23-330972<br>378/01.3.23 -1522 |
| കോൺട്രാക്ടർ | ഉഷ ഇലക്ട്രിക്കൽസ്, പാലക്കാട് | എഗ്രിമെൻറ് | 8/21-22/29.12.21 |

ടെൺഡർ വ്യവസ്ഥകൾ പ്രകാരം 1220/each (1034 +18% Gst)നിരക്കിലാണ് എൽ.ഇ.ഡി ലൈറ്റുകൾ 22-23 ൽ റിപ്പയർ ചെയ്യാൻ കരാർ ചമച്ചിട്ടുള്ളത്. ബിൽ ഇൻവോയ്സ് വിവരം ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് (നം:2122/INV/50080/20.2.23 )

368 LED ലൈറ്റ് റിപ്പയർ : 380512

18% Gst : 68492

ആകെ : 449004

തുക അനുവദിച്ചത് : 317676

IT 1% : 4432

GST TDS 2% : 8864

KSEB : 1522

അപാകതകൾ

1. ഉഷ ഇലക്ട്രിക്കൽസ് 368 എൽ.ഇ.ഡി ബൾബുകൾ റിപ്പയർ ചെയ്ത ബില്ലാണ് ആണ് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ കെ.എസ്.ഇ.ബി യുടെ 220 ലൈറ്റുകളുടെ സാക്ഷ്യപത്രം മാത്രമാണ് നൽകിയിട്ടുള്ളത് .

2. റിപ്പയർ ആയതിനാൽ 1% W.f ഈടാക്കിയിട്ടില്ല (3176/രൂപ). ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (3/22-23 /6.11.23)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നത് വരെ 148 ബൾബുകളുടെ ചെലവ് 1,80,560/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 തെരുവ് വിളക്ക് സ്ഥാപിക്കിൽ -അപാകതകൾ

**നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി**

| | | | |
|---|---|---|---|
| പ്രൊജക്ട്/പേര് | 86/23-തെരുവ് വിളക്ക് സ്ഥാപിക്കൽ | അടങ്കൽ | 450000 (പ്ലാൻ ) |
| ചെലവ് | 445500/- | ബിൽ നം/തീ | 306/22-23/1.3.23-5,984/-<br><br>352/22-23/15.3.23-4,39,516/- |
| കോൺട്രാക്ടർ | ഉഷ ഇലക്ട്രിക്കൽസ്, പാലക്കാട് | എഗ്രിമെൻറ് | 17/22-23/19.2.23 |

ടെൺഡർ വ്യവസ്ഥകൾ പ്രകാരം 2770/each (ജി.എസ്.ടി. ഉൾപ്പെടെ )നിരക്കിലാണ് എൽ.ഇ.ഡി ലൈറ്റുകൾ 22-23 ൽ സ്ഥാപിക്കാൻ കരാർ ചമച്ചിട്ടുള്ളത്. ഉഷ ഇലക്ട്രിക്കൽസിന്റെ ബിൽ ഇൻവോയ്സ് വിവരം ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് (നം: UES23/INV/60423/13.1.2023 )
162LED ലൈറ്റ് (24W) @2330 : 377460
18% Gst : 67943
ആകെ : 445500
തുക അനുവദിച്ചത് : 427511
IT 1% : 4455
GST 2% : 7550
KSEB : 5984 (ആകെ : 4,45,500/-)

അപാകതകൾ

1. ഉഷ ഇലക്ട്രിക്കൽസ് 162എൽ.ഇ.ഡി ബൾബുകൾ സപ്ലൈ ചെയ്ത ബില്ലാണ് ആണ് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ കെ.എസ്.ഇ.ബി യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2. ഇൻസ്റ്റലേഷൻ ആയതിനാൽ 1% W.f ഈടാക്കിയിട്ടില്ല (4455/രൂപ).
3. ടെൻണ്ടർ ഫീ ഒഴിവാക്കി നൽകിയ സ്ഥാപനങ്ങൾ ജില്ലാ വ്യവസായ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
4. സ്റ്റോക്ക് /വിതരണ വിവര രേഖകൾ ഹാജരാക്കിയിട്ടില്ല.
5. തെരുവു വിളക്കുകളുടെ ആസ്തി രജിസ്റ്റർ, എ.എം.സി. വിവരം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:4/22-23/6.11.23)ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമനം : 2, 4 എന്നിവ ഒഴികെയുള്ളവ പരിഹരിച്ചിട്ടുണ്ട്. മറ്റ് അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-18 ഡപ്പോസിറ്റ് /മുൻകൂർ നൽകൽ -രേഖകൾ ഹാജരാക്കണം

**നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി**

താഴെപ്പറയുന്ന ഡപ്പോസിറ്റ് /മുൻകൂർ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം /കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് /പേര് | ഏജൻസി | അടങ്കൽ | ചെലവ് | ബിൽ/തീ | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | 93/23-ബഡ്സ് സ്കൂകൾ കുഴൽകിണർ | KGWD | 100000(തനത് ) | 2035 | 229/2.2.23 | U/c |
| 2. | 197/23-പോസ്റ്റ് മാറ്റൽ | KSEB | 11620(തനത് ) | 11620 | 45/25.8.22 | U/c |
| 3. | 105/23-പച്ചീരി കുഴൽകിണർ | KGWD | 100000(തനത് ) | 36492 | 75/20.9.22 | U/c |
| 4. | 225/23-റിസോഴ്സ് സെൻറർ നിർമ്മാണം | DDP | 265000(തനത്) | 265000 | 132/5.12.22 | U/c |
| 5. | 35/23-കാര കുഴൽ കിണർ | KGWD | 100000(cfc) | 36492 | 319/4.3.23 | U/c |
| 6. | 34/23-യോഗത്ത് പ്പടി കുഴൽ കിണർ | KGWD | 100000 (Cfc) | 45696 | 7220.9.22 | U/c |
| 7. | 33/23-കോഴിശ്ശേരിപ്പടി കുഴൽകിണർ | KGWD | 100000(cfc) | 2035 | 73/20.9.22 | U/c |
| 8. | 79/23-പൊതു കിണർ | KGWD | 319825(cfc) | 247487 | 48/12.12.22 | U/c |

| | | | | | | |
|---|---|---|---|---|---|---|
| 8. | 81/23-പുതിയ കുഴൽകിണർ | KGWD | 203896 (Cfc) | 102590 | 140/12.12.22 | U/c |
| 9. | 80/23 പൂക്കാട് കോളനി കുഴൽ കിണർ | KGWD | 260094 (Cfc) | 174053 | 47/25.8.22 | U/c |
| 10. | 92/23 പെരിന്താറ്റിൽ കോളനി കുഴൽ കിണർ | KGWD | 100000(scp) | 2035 | 71/20.9.22 | U/c |
| | | | ആകെ | 925535 | | |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:5/22-23/7.11.23)മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകൾ ഹാജരാക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു.

## 1-19 തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് -സംയുക്ത പരിശോധനക്ക് ശുപാർശ ചെയ്യുന്നു

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് തൻവർഷം 630965/-രൂപ ചെലവുണ്ട്. (പ്രതിമാസം 56860/-രൂപ ).താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. തെരുവ് വിളക്കുകളുടെ ആസ്തി വിവരം (നമ്പറിങ് നടത്തിയത് സംബന്ധിച്ച് )വിവരം ലഭ്യമാക്കിയില്ല
2. സർക്കാർ ഉത്തരവ് പ്രകാരം സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ പൂർത്തീകരണം സംബന്ധിച്ച് വിവരം ലഭ്യമാക്കിയില്ല
3. KSEB യുടെ ഡിമാന്റ നോട്ടീസിൽ തെരുവ് വിളക്കുകളുടെ വിശദമായ ഡിമാന്റ് വിവരങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല.
4. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തും കെ.എസ്.ഇ.ബി യും ചേർന്ന് നടത്തിയ സംയുക്ത പരിശോധന വിവരം ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം: 07/22-23/07.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

സംയുക്ത പരിശോധന നടത്തി വൈദ്യുതി ബിൽ തുക ക്രമീകരിക്കേണ്ടതാണ്.

## 1-20 ദുരിതാശ്വാസ നിധി-കാര്യക്ഷമമാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. ഈ ആവശ്യത്തിലേക്കായി ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്തിൽ ആയതിന് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ (നം:5005000951) മുന്നിരിപ്പ് 100 രൂപയും നീക്കിയിരിപ്പ് 100 രൂപയും ഉണ്ട്. തൻവർഷം ചെലവ് ഒന്നും ഇല്ല .ഇത് സംബന്ധിച്ച ഭരണസമിതിയുടെ തുടർ നടപടി ആവശ്യപ്പെടുന്നു.ഓഡിറ്റ് എൻക്വയറിക്ക് (നം:11/22-23/7.11.23) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ് .

## 1-21 അഗതിരഹിത കേരളം പദ്ധതി -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : അസി.സെക്രട്ടറി

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയ്ക്കാണ് അഗതിരഹിതകേരളം പദ്ധതി ആരംഭിച്ചത്. ഇതു സംബന്ധിച്ച് സ.ഉ(എംഎസ് )നം.252/2017/തസ്വഭവ തി.12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശ ജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

2019-20 വർഷത്തിലാണ് അഗതിരഹിത കേരളം പദ്ധതി പഞ്ചായത്തിൽ ആരംഭിച്ചത്. 2021-22 വർഷത്തിൽ ആയതിന് 172 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത് .

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരും നിർദ്ധനരുമായിട്ടുള്ള ഇത്തരം ഗുണഭോക്താക്കൾക്ക് തഴെപ്പറയുന്നവ ലഭ്യമാക്കാൻ സർക്കാർ മാർഗ്ഗ രേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ് . വിശദ വിവരം ചുവടെ

1. വീട് വെക്കാൻ സ്ഥലം വാങ്ങൽ 2.വീട് വെക്കൽ
3.വീട് റിപ്പയർ 4.മക്കൾക്ക് വിദ്യാഭ്യാസത്തിന് തുക നൽകൽ
5.ഭക്ഷ്യ കിറ്റ് വിതരണം 6.മരുന്ന് ലഭ്യമാക്കൽ

ഓഡിറ്റ് നിരീക്ഷണം

1.അഗതി രഹിത കേരളം പദ്ധതിയിൽ 22-23 വർഷത്തിൽ യാതൊരു ആനുകൂല്യങ്ങളും നൽകിയിട്ടില്ല.
2.വീട് വെക്കൽ, സ്ഥലം വാങ്ങൽ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ 1 ഗുണഭോക്താവിനെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

3.പ്ലാൻ ഫണ്ട് അക്കൗണ്ടിൽ പഞ്ചായത്ത് അനുവദിച്ച ചെലവഴിക്കാത്ത 400017/-രൂപ നിലനിൽക്കുന്നു. ആയത് തിരിച്ചടവാക്കിയിട്ടില്ല (അക്കൗണ്ട് നം-40135101038161)

4.സി.ഡി.എസ് തനത് ഫണ്ടിൽ 3585602/-രൂപ നിലനിൽക്കേ 1 വർഷം ആനുകൂല്യങ്ങൾ ഒന്നും നൽകാത്തത് ശരിയായ നടപടിയല്ല (അക്കൗണ്ട് നം 40678101038453 )

അഗതിരഹിതകേരളം പദ്ധതി അവസാനിച്ച സന്ദർഭത്തിൽ മാർഗരേഖയിൽ പരാമർശിച്ച എല്ലാ സേവനങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയില്ല. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഓഡിറ്റ് അന്വേഷണത്തിന് (നം : 9/22-23/7.11.23) ലഭ്യമാക്കിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-22 MGNREGS-മുൻകൂർ ക്രമീകരിക്കണം

**നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി**

ഗ്രാമ പഞ്ചായത്തിന്റ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 31.3.2023 ന് MGNREGS ന് മുൻകൂർ നൽകിയത് ക്രമീകരിക്കാത്തത് 1060395/- രൂപ നിലനിൽക്കുന്നു.കേന്ദ്ര സർക്കാർ വിഹിതം ലഭ്യമാവുന്ന മുറയ്ക്ക് ക്രമീകരിക്കാനുമുള്ള നടപടി സ്വീകരിച്ചതിന്റ വിവരം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:12/22-23 /7.11.23)സമർപ്പിച്ച മറുപടിയിൽ 23-24 ൽ ലഭ്യമാക്കിയ തുക ക്രമീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 കാലഹരണപ്പെട്ട ഡപ്പോസിറ്റ് -മുതൽക്കൂട്ടണം

2022-23 വാർഷിക കണക്ക് പ്രകാരം (B-7 Deposit Received) 869962/- രൂപ വിവിധ ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു . പ്രസ്തുത ഡെപ്പോസിറ്റ് തുകകളിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകളുടെ വിവരവും കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:13/22-23/7.11.23) 2021-22 വരെ കാലഹരണപ്പെട്ട ഡപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടുണ്ടെന്നും 2022-23 വരെ കാലഹരണപ്പെട്ടത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവ് -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

പഞ്ചായത്ത് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടീജന്റ് ചെലവുകൾക്ക് തുക നൽകിയ വിവരം ചുവടെചേർക്കുന്നു

| സ്ഥാപനം | തുക | വൗച്ചർ നം/തീ | റിമാർക്ക്സ് |
|---|---|---|---|
| 1.ഐ.സി.ഡി.എസ് | 17770 | 22200834/25.3.23 | U/c ലഭ്യമാക്കണം |
| 2.അസി.എൻജിനിയർ | 50000 | 22200504/23.11.22 | U/c ലഭ്യമാക്കണം |
| 3.വി.ഇ.ഒ | 50000 | 22200462/14.11.22 | U/c ലഭ്യമാക്കണം |
| 4.എം.ഒ (പി.എച്ച്.സി) | 50000 | 22200393/14.10.22 | U/c ലഭ്യമാക്കണം |
| 5.കൃഷി ഓഫീസർ | 50000 | 22200288/28.8.22 | U/c ലഭ്യമാക്കണം |
| 6.വെറ്റിനറി സർജ്ജൻ | 50000 | 22200275/24.8.22 | U/c ലഭ്യമാക്കണം |
| ആകെ | 2,67,770 | | |

1.വാർഷിക കണക്ക് (RP -49 )പ്രകാരം 352107/-മുൻകൂർ നൽകിയതായി കാണുന്നു. ആയതിന്റ വിവരം ലഭ്യമാക്കിയിട്ടില്ല.
2.മേൽ ചെലവുകൾക്ക് പ്രൊജക്റ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

3.സ്ഥാപന മേധാവിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം:15/22-23/7.11.23)ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നു. വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-25 ലൈബ്രറി സെസ്സ് അടവാക്കൽ- സർക്കാർ നിർദ്ദേശം പാലിക്കണം

**നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി**

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം) ആക്ട്, 1989ലെ വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തുനികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. സർക്കുലർ നം. 10088/എൽ3 /തസ്വഭവ തിയതി.20-09-2005 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടവാക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. ആയത് പാലിക്കപ്പെട്ടതായി കാണുന്നില്ല.
താഴെപ്പറയും പ്രകാരം ലൈബ്രറി സെസ്സ് അടവാക്കിയിട്ടുണ്ട്.

| വർഷം | തുക | വൗച്ചർ നം/തീ |
|---|---|---|
| 21-22(II Half) | 203650 | 22200062/13.5.2022 (30.4.22 ന് മുമ്പ് അടവാക്കണം) |
| 22-23 (I Half ) | 119350 | 22200444/3.11.2022(30.10.22 ന് മുമ്പ് അടവാക്കണം) |
| ആകെ | 323000 | |

പിരിച്ചെടുത്ത തുക സമയബന്ധിതമായി അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുക കൃത്യസമയത്ത് ഒടുക്കിയില്ലെങ്കിൽ സെക്രട്ടറിയുടെ നഷ്ടോത്തരവാദിത്വത്തിൽ പിഴ അടവാക്കേണ്ടതും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുകയും ചെയ്യുന്നതാണ്. ലൈബ്രറി കൗൺസിലിന്റ കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം:18/22-23/8.11.23)സമർപ്പിച്ച മറുപടി അംഗീകരിക്കുന്നു. ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പ്രൊജക്ട് അസിസ്റ്റന്റിന് വേതനം നൽകൽ -സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

പഞ്ചായത്തിൽ പ്രൊജക്ട് അസിസ്റ്റന്റ് നിയമനം സംബന്ധിച്ച ഉത്തരവിൽ (നം:GO(P)NO:29/2021FIN/11.02.2021 ) പ്രൊജക്ട് അസിസ്റ്റന്റ് നിയമനം കരാർ വ്യവസ്ഥയിൽ ആയിരിക്കണമെന്നും കാറ്റഗറി IV പ്രകാരമുള്ള വേതനം അനുവദിക്കണമെന്നും സ.ഉ (സാധ) നം:1486/2021/LSGD/24.9.21 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ ഇവർക്ക് കരാർ വേതനം (പരമാവധി 22290/-രൂപ )നൽകാൻ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ (നം:PAN/14274/2021/J1(DP) /4.8.2022) പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്തിലെ പ്രൊജക്ട് അസിസ്റ്റന്റ് ആയിട്ടുള്ള ശ്രീമതി. സുഹാനയ്ക്ക് താഴെപ്പറയും പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത് .

| മാസം | വൗച്ചർ നം/തീ | തുക |
|---|---|---|
| ഏപ്രിൽ | 12480 | 22200047/7.5.22 |
| മെയ് | 14040 | 22200098/3.6.22 |
| ജൂൺ | 17940 | 22200164/1.7.22 |
| ജൂലൈ | 18720 | 22200242/1.8.22 |
| ആഗസ്റ്റ് | 9360 | 22200319/1.9.22 |
| സപ്തംമ്പർ | 14820 | 22200364/1.10.22 |
| ഒക്ടോബർ | 13260 | 22200460/1.11.22 |
| നവംമ്പർ | 16380 | 22200526/1.12.22 |
| ഡിസംമ്പർ | 18720 | 22200589/1.1.23 |
| ജനുവരി | 16380 | 22200665/1.2.23 |
| 12.ഫെബ്രുവരി | 16380 | 22200742/1.3.23 |

സർക്കാർ ഉത്തരവിൽ കരാർ അടിസ്ഥാനത്തിൽ പരമാവധി 22290/-രൂപ പ്രതിമാസം (Consolidate ) കൊടുക്കാമെന്നിരിക്കെ ആയതിനെ കരാർ ചമയ്ക്കാതെ ദിവസവേതന നിരക്കിൽ നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.കൂടാതെ ലീവ് സറണ്ടർ, ഫെസ്റ്റിവെൽ അലവൻസ് എന്നിവയും നിഷേധിച്ചിട്ടുണ്ട്.അനുവദനീയമെങ്കിൽ ആയത് പുന:പരിശോധിക്കേണ്ടതും കുടിശ്ശിക അനുവദിക്കാവുന്നതെങ്കിൽ അപ്രകാരം പഞ്ചായത്ത് തീരുമാനത്തിന്റ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:21/22-23/9.11.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 MGNREGS മെറ്റീരിയൽ പർച്ചേസ് -അപാകതകൾ

**നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി**

തൻവർഷം MGNREGS ന് മെറ്റീരിയൽ പർച്ചേസ് ഇനത്തിൽ 4191453/- രൂപ (റോഡ്-3133502/-രൂപ) ചെലവുണ്ട് . ഫയൽ പരിശോധിച്ചതിൽ പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങൾ പാലിച്ച് ഒന്നിച്ച് ടെണ്ടർ നടത്താതെ ഓരോ പ്രവർത്തിക്കും പ്രത്യേകം പ്രത്യേകം ടെണ്ടർ നടത്തുകയാണ് ചെയ്തിട്ടുള്ളത് . തൻ വർഷത്തേക്ക് ആവശ്യമായ മെറ്റീരിയൽ കണക്കാക്കി ഒന്നിച്ച് ഒരു വർഷത്തേക്ക് സപ്ലൈ ചെയ്യത്തക്ക വിധത്തിൽ പർച്ചേസ് നടത്തേണ്ടതാണ്. കൂടാതെ ടെണ്ടർ സമർപ്പിച്ച ബില്ലുകൾ നിശ്ചിത മാതൃകയിലുള്ള ജി.എസ്.റ്റി ബില്ലുകൾ അല്ല. പഞ്ചായത്തിൽ വിഭവ സമാഹരണം പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:22/22-23/9.11.23) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-28 കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു.പലിശയിനത്തിൽ നഷ്ടം

**നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി**

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു എസ്.ബി.ഐ ബാങ്ക് ശാഖയിൽ (പട്ടിക്കാട്ശാഖ) ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-67388048625) 01.04.22 ന് 2548320/- രൂപ മുൻബാക്കിയും 31.3.2023ന് 3080286/- രൂപ നീക്കിയിരിപ്പും ഉണ്ട്. പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തിയത് പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. ധന മാനേജ്മെന്റിലെ വീഴ്ച കാരണം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട് . തുക പഞ്ചായത്ത് എസ് ബി അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:14/22-23/7.11.23)

## 1-29 എസ്.എസ്.കെ വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : എസ്.എസ്.എ വിഹിതം

നം : S0102/2023

അടങ്കൽ : 6,00,000 (വികസന ഫണ്ട് )

BRN : 22150352041500746680/08-11-2022 : 6,00,000

ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 6,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക 8-6 (3),(4),(5) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 6,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/9-11-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-30 തുല്യത പഠനം - പഠിതാക്കളുടെ ഫീസ് അടവാക്കൽ -രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : സാക്ഷരതാ പഠിതാക്കളുടെ കോഴ്സ് ഫീ അടവാക്കൽ

നം : S0104/2023

അടങ്കൽ : 50,000 (തനത് ഫണ്ട് )

വൗച്ചർ നം. : /29-03-2023 : 50,000

ഹെഡ്മിസ്ട്രസ് നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം 12 വിദ്യാർത്ഥികളുടെ പത്താംതരം തുല്യതാ കോഴ്സ് ഫീസായി 23,400 (12X1950) രൂപയും, 11 വിദ്യാർത്ഥികളുടെ ഹയർ സെക്കന്ററി തുല്യതാ കോഴ്സ് ഫീസായി 28,600 (11x2600) രൂപയും, ഡയറക്ടർ കേരളാ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്. പഠിതാക്കൾ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഫയലിലുള്ളത്. പരീക്ഷ എഴുതിയവരുടേയും, യോഗ്യത നേടിയവരുടേയും വിവരം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.

33/10-11-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 മരുന്നുകൾ ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ വിതരണം ചെയ്യുന്നതിന് KMSCL, തിരുവനന്തപുരത്തിന് തുകകൾ മുൻകൂറായി നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് | നൽകിയ തുക | ബിൽ, വൗച്ചർ നം./തിയ്യതി | ഇൻവോയ്സ് നം./ തിയ്യതി |
|---|---|---|---|---|
| 1 | പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ S0004/2023 (1,55,000 – MG-NR; 3,65,000- തനത് ഫണ്ട് ) | 1,55,000<br>45,000<br>3,20,000 | 22150352039400907937/14-12-2022<br>22200555/23-12-2023<br>22200599/12-01-2023 | PRF-2839/08-12-2022 : 2,00,000<br>PRF-2977/14-12-2022 : 3,20,000 |
| 2 | പരിരക്ഷ ഹോംകെയർ S0005/2023 | 3,76,400 (വികസന ഫണ്ട് ) | 22150352039401062492/ 19-01-2023 | PRF-3126/21-12-2022 : 3,76,400 |
| 3 | അതി ദാരിദ്ര്യ നിർമ്മാർജ്ജനം-മരുന്ന് വാങ്ങൽ S0233/2023 | 2,00,000 (തനത് ഫണ്ട് ) | 22200813/24-03-2023 | PRF-5333/15-03-2023 : 2,00,000 |

പ്രസ്തുത തുകകൾക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 30/10-11-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-32 വാഹന വാടക – ആദായ നികുതി TDS അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : പരിരക്ഷ ഹോംകെയർ

നം. : S0005/2023

അടങ്കൽ : 9,00,000 (വികസന ഫണ്ട് )

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം വാഹന വാടക ഇനത്തിൽ ശ്രീ. സുന്ദരൻ സി എന്ന വ്യക്തിക്ക് താഴെ പറയും പ്രകാരം വികസന ഫണ്ടിൽ നിന്നും തുകകൾ നൽകിയിട്ടുണ്ട്. Income Tax Act 1961, Sec. 194C പ്രകാരം, വാടകയിനത്തിൽ അനുവദിക്കുന്ന തുക (Single Payment) 30,000 രൂപക്ക് മുകളിൽ വരുന്നുവെങ്കിലും, ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000 രൂപക്ക് മുകളിൽ വരുന്നുവെങ്കിലും അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമാണ്. താഴെ കാണും പ്രകാരമാണ് തുക നൽകിയിട്ടുള്ളത്.

| BRN | അനുവദിച്ച തുക |
|---|---|
| 22150352039400332925/20-07-2022 : 113670 | 58500 |
| 22150352039400437084/20-08-2022 : 42930 | 19500 |
| 22150352039400679239/22-10-2022 : 54790 | 36400 |
| 22150352039400852396/02-12-2022 : 37890 | 19500 |
| 22150352039400924343/17-12-2022 : 40490 | 22100 |
| 22150352039401062504/19-01-2023 : 40490 | 22100 |
| 22150352039401384201/17-03-2023 : 39190 | 20800 |
| 22150352039401384226/17-03-2023 : 40490 | 22100 |

| | |
|---|---|
| 221503520394015216O4/28-03-2023 : 40290 | 15600 |
| ആകെ | 236600 |

31/10-11-23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 1% TDS ഈടാക്കി അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-33 സിഡ്കോയിൽ നിന്ന് കട്ടിൽ വാങ്ങൽ-സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

സ്റ്റോർ പർച്ചേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ജി.ഒ.(ആർ.ടി)നം.49/2019/SPD തിയതി 14.11.2019, സ ഉ (സാധാ) 97/2022/SPD തിയതി 23.12.2022എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും അവയുടെ വില വിവരവും വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിലെ അനുബന്ധമായി ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭരണം നടത്താൻ പാടുള്ളൂ എന്ന് ഉത്തരവിന്റെ ഖണ്ഡിക-3 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അസി.സെക്രട്ടറി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകളിൽ സിഡ്കോയിൽ നിന്ന് ടെണ്ടർ കൂടാതെയാണ് ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുള്ളത്. ചെലവ് തുക 14,20,487/- രൂപ തടസ്സം ചെയ്യുന്നു.

### 1-33-1 സിഡ്കോയിൽ നിന്ന് ഫർണ്ണിച്ചർ വാങ്ങൽ-സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

1. പ്രൊജക്ട് : വയോജനങ്ങൾക്ക് കട്ടിൽ പ്രൊ.നം. S0210/2023

നിർവ്വഹണോദ്യോഗസ്ഥൻ : അസി.സെക്രട്ടറി

അടങ്കൽ : 2,26,200 (വികസന ഫണ്ട് - SCP : 2,24,000 തനത് ഫണ്ട് - 2200)

BRN : 221503520273010647O1/19-01-2023 : 43,000/-

| ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ (18% GST ഉൾപ്പടെ) |
|---|---|---|---|
| Wooden Cot (Mahagani)<br>198X90X60/55 Cms, 8mm Plywood Top<br>ഇൻവോയ്സ് നം. MJRI/22-23 /156/18-01-2023 : 43,000 | 10 | 3644.06 | 43,000 |

2. പ്രൊജക്ട് - പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നം. S0207/2023

നിർവ്വഹണോദ്ധ്യോഗസ്ഥൻ : അസി.സെക്രട്ടറി

അടങ്കൽ- 8,75,000 (വികസന ഫണ്ട് - SCP : 8,65,000 തനത് ഫണ്ട് - 10,000) ചെലവ് : 8,66,248

BRN : 22150352027300803736/22-11-2022 : 2,07,900

BRN : 22150352027301113184/30-01-2023 : 1,75,049

BRN : 22150352027301113186/30-01-2023 : 1,46,052

BRN : 22150352027301113188/30-01-2023 : 1,88,747

BRN : 22150352027301354910/15-03-2023 : 1,47,252

വൗച്ചർ നം . 22200796/21-03-2023 : 1248

ഇൻവോയ്സ് നം. MJRI/22-23/96/21-11-2022 : 2,07,900

ഇൻവോയ്സ് നം. MJRI/22-23/160/19-01-2023 : 175049

ഇൻവോയ്സ് നം. MJRI/22-23/165/23-01-2023 : 1,46,052

ഇൻവോയ്സ് നം. MJRI/22-23/166/24-01-2023 : 1,88,747

ഇൻവോയ്സ് നം. MJRI/22-23/209/21-02-2023 : 1,48,500

| ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ (18% GST ഉൾപ്പടെ) |
|---|---|---|---|
| 1. Steel Table With One Cupboard & One Drawer 18mm Pre-laminated Board Top 90X60X75cmm 22G | 175 | 3294.91 | 6,80,398.92 |
| 2. Steel Armless Chair | 175 | 900 | 1,85,850 |
| | | ആകെ | 866248 |

മേൽ ഫർണ്ണിച്ചറുകൾ സിഡ്കോയിൽ നിന്നു നേരിട്ട് പർചേസ് ചെയ്യുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 08/08-11-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഡി.പി.സി.അംഗീകാരം ലഭ്യമാക്കി, പ്രൊക്യുർമെന്റ് കമ്മിറ്റി തീരുമാന പ്രകാരം, സർക്കാർ ഉത്തരവ് അനുസരിച്ചാണ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത് എന്ന മറുപടി ലഭ്യമാക്കി. സർക്കാർ ഉത്തരവ് പ്രകാരമല്ല പദ്ധതി നടപ്പാക്കിയത് എന്നതിനാൽ മറുപടി സ്വീകാര്യമല്ല. സർക്കാർ നിർദ്ദേശം പാലിക്കാതെയുള്ള ചെലവിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 9,09,248/- തടസ്സം ചെയ്യുന്നു.

## 1-33-2 സിഡ്കോയിൽ നിന്ന് കട്ടിൽ വാങ്ങൽ-സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം ടെണ്ടർ നടപടികൾ SIDCO, മഞ്ചേരിയിൽ നിന്ന് ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

| ക്ര.നം. | പ്രൊജക്ട് | ഇനം | ഇൻവോയ്സ് നം. | തുക |
|---|---|---|---|---|
| 1 | അംഗൻവാടികൾക്ക് ഫർണിച്ചർ വാങ്ങൽ നം. -S0098/2023 അടങ്കൽ - 2,25,000 (MG-NR) | 61 സ്റ്റീൽ ബെഞ്ചുകൾ - With Back Rest 120X30X25 Cm Size Made 1.25X1.25 Steel Frame And Prelaminated Board | MJRI/22-23 /101/25-11-2022 : 2,23,138 | BRN:22150352039700901856/13-12-2022 : 2,23,138 |

| | | | | |
|---|---|---|---|---|
| 2 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം നം. -S0097/2023 അടങ്കൽ - 2,90,040 (വികസന ഫണ്ട്) | 67 വുഡൻ കോട്ടുകൾ (Mahagani-198X90X60/50 Cms, 8mm Plywood Top) | MJRI/22-23 /82/09-11-2022 : 2,88,100 | BRN:2215035203970090l755/13-12-2022 : 2,88,100 |

മേൽ ഫർണ്ണിച്ചറുകൾ സിഡ്കോയിൽ നിന്നു നേരിട്ട് പർചേസ് ചെയ്യുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 32/10-11-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെയുള്ള ചെലവിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 55,11,238/- രൂപ തടസ്സം ചെയ്യുന്നു.

## 1-34 പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2022-23 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I). പ്രവൃത്തികൾ നടത്തിപ്പ്.

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 133 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 117 പ്രൊജക്ടുകളിലായി ആകെ 24221120/- രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 133 | ആകെ അടങ്കൽ | 37185296 |
| നടപ്പിലാക്കിയത് | 117 | ചെലവ് | 24221120 |
| ശതമാനം | 88% | ചെലവ് ശതമാനം | 65% |

II). റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ പ്രസ്തുത രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III). ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-35 ബഹു വർഷപ്രൊജക്ടുകൾ- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

ഭൗതികമായും സാമ്പത്തികമായും ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കാത്ത പ്രൊജക്ടുകളേയാണ് ബഹു വർഷ പ്രൊജക്ടുകളായി നിർവ്വഹണം നടത്തുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളത്. 2022-23-ൽ രൂപീകരിച്ച 133 പ്രൊജക്ടുകളിൽ 62 എണ്ണവും ബഹു വർഷ പ്രൊജക്ടുകളാണ്. മേൽ പ്രൊജക്ടുകൾ എല്ലാം തന്നെ ഭൗതികമായും സാമ്പത്തികമായും ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്നതും 1 ലക്ഷം മുതൽ 2 ലക്ഷം രൂപ വരെയുള്ള റോഡ് പ്രവൃത്തികളുമാണ്.

മേൽ നടപടി മാർഗ്ഗരേഖയിൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ബഹു വർഷ പ്രൊജക്ടുകൾ, പദ്ധതികളുടെ എണ്ണം വർദ്ധിപ്പിക്കുകയും ആയത് പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. കൂടാതെ പൂർത്തീകരിച്ച പ്രവൃത്തികളിൽ പണം ലഭിക്കാൻ കലതാമസമുണ്ടാവുന്നത് ടെണ്ടറിലെ മത്സര സ്വഭാവം ഇല്ലാതാക്കുന്നതായും ഓഡിറ്റ് വിലയിരുത്തുന്നു (സൂചന: 2022-23 വർഷത്തിൽ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ 98%വും എസ്റ്റിമേറ്റ്/ എസ്റ്റിമേറ്റ് നിരക്കിന് ആണ് ടെണ്ടർ ചെയ്തിട്ടുള്ളത്).പദ്ധതി രൂപീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-36 ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

പദ്ധതി മാർഗ്ഗരേഖയിലെ (GO (Ms) No.84/2022/LSGD/19.04.2022) ഖണ്ഡിക 3.8.4 പ്രകാരം ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതിക അനുമതി നൽകുന്നതിനും, നിർവ്വഹണ മേൽനോട്ടം വഹിക്കുന്നതിനും ജില്ലാതല ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രസ്തുത കമ്മറ്റിയിലെ അംഗമായ ഒരു എൻജിനീയറുടെ സേവനം ഉപയോഗപ്പെടുത്താവുന്നതുമാണ്. ആയതിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എസ്റ്റിമേറ്റിന്റെ 0.5% തുകയും (കുറഞ്ഞത് 1000/- രൂപയും കൂടിയത് 5000/- രൂപയും), ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് 1.5% തുകയും (കുറഞ്ഞത് 2000/- രൂപയും കൂടിയത് 2,00,000/- രൂപയും) പ്രതിഫലമായി നൽകാവുന്നതാണ്. കൂടാതെ ചെക്ക്മെഷർമെന്റ് നടത്തുന്നതിന് ടെക്നിക്കൽ കമ്മിറ്റിയിലെ ഒരു അംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതും, ആയതിന് എസ്റ്റിമേറ്റിന്റെ 0.5% തുക (കുറഞ്ഞത് 1000 പരമാവധി 50,000 വരെ) പ്രതിഫലമായി നൽകാവുന്നതുമാണ്. എന്നാൽ നിർവ്വഹണ മേൽനോട്ടം വഹിക്കുകയും, അളവുകൾ രേഖപ്പെടുത്തുകയും ചെയ്ത ഉദ്യോഗസ്ഥനെ ചെക്ക്മെഷർമെന്റ് നടത്തുന്നതിന് ഉപയോഗപ്പെടുത്താൻ പാടില്ലാത്തതുമാണ്.

എന്നാൽ ചുവടെ ചേർത്തിട്ടുള്ള ഇലക്ട്രിക്കൽ പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, നിർവ്വഹണ മേൽ നോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുകയും ചെയ്ത അതേ ഉദ്യോഗസ്ഥന് തന്നെയാണ് ചെക്ക്മെഷർമെന്റ് നടത്തിയതിനുള്ള പ്രതിഫലവും അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് / എസ്റ്റിമേറ്റ് തുക | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള തുക | നിർവ്വഹണ മേൽ നോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള തുക | ചെക്ക്മെഷർമെന്റ് നടത്തുന്നതിനുള്ള തുക | നൽകിയ തുക |
|---|---|---|---|---|---|
| 1 | മീറ്റിംഗ് ഹാൾ ഒന്നാം നിലവൈദ്യുതീകരണം (75/23) - Rs. 250000/- | 1927/- | 3853/- | 1927/- | 7707/- Vr No. 1/2022-23/ 25.08.2022 |
| 2 | PHC ഇലക്ട്രിഫിക്കേഷൻ (123/23) – Rs.400000/- | 1652/- | 4957/- | 1652/- | 8262/- Vr No. 30/2022-23/ 02.03.2023 |
| 3 | PHC ഇലക്ട്രിഫിക്കേഷൻ (122/23) – Rs.400000/- | 1652/- | 4957/- | 1652/- | 8262/- Vr No. 29/2022-23/ 02.03.2023 |

മേൽ തുകകൾ പൂർണമായും എസ്റ്റിമേറ്റ് തയ്യാറാക്കുകയും, നിർവ്വഹണ മേൽ നോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുകയും ചെയ്ത അതേ ഉദ്യോഗസ്ഥന് (ശ്രീ. അലി കുന്നത്ത് Ac No. 16000100027269) നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയത് ക്രമ പ്രകാരമല്ല.

മേൽ പരാമർശത്തിന് ലഭ്യമാക്കിയ മറുപടിയിൽ (എൻക്വയറി 35/10.11.2023) ജില്ലാതല ടെക്നിക്കൽ കമ്മറ്റിക്ക് കത്ത് നൽകി തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-37 മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല.**

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ, കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടിവരുന്ന സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. മേൽ സർക്കുലർ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവിന് ശേഷമുള്ള ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ കരാറുകാരന്റെ വീഴ്ച്ച മൂലം കാരാർ കാലയളവിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളിൽ പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട്: കുന്നത്ത് കോളനി കുടിവെള്ള പദ്ധതി (54/23) | |
|---|---|
| Agr.No: 63/AE/LSGD/VTR/2020-21/22.10.2020 | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
| TS No. 110519/2020-21/08.09.2020 | 19798/-<br>[le, 22.04.2021 To 21.07.2021 (1%PAC)= 1886/-<br>22.07.2021 To 21.10.2021 (2%PAC)= 3771/-<br>22.10.2021 To 21.01.2022 (2%PAC)= 3771/-<br>22.01.2022 To 21.04.2022 (2%PAC)= 3771/-<br>22.04.2022 To 21.07.2022 (2%PAC, 40 Days)= 1640/-]<br>22.07.2022 To 30-09-22 (69days)= 2828 |
| M.Book No: 207/22 | |
| PAC: 188566/- | |
| Vr.No: 76/21-22/30.03.2023 | |
| സൈറ്റ് കൈമാറിയത്: 22.10.2020 | |
| പൂർത്തീകരിക്കേണ്ട തിയ്യതി: 21.04.2021 (6 മാസം) | |
| പൂർത്തീകരിച്ച തിയ്യതി: 30.09.2022 | |
| കരാറുകാരൻ: Alippu | |

ഫൈൻ ഇനത്തിൽ ഈടാക്കേണ്ട തുക കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല. ഫൈൻ ഇനത്തിൽ ഈടാക്കേണ്ട 19,798/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-38 ഓഡിറ്റ് പരാമർശം- 10300/- രൂപ അടവാക്കി.

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവത്തികളിൽ തെറ്റായി മൂല്യനിർണ്ണയം നടത്തിയതു മൂലമുണ്ടായ 10300/- രൂപയുടെ അധിക ചെലവ് ഓഡിറ്റ് പരാമർശത്തെ തുടർന്ന് അടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം. | പ്രൊജക്ട്/ വിവരണം | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|
| 1 | കുരിക്കുന്ന് അംഗനവാടി അധിക സൗകര്യം (53/23)- ഓഡിറ്റ് എൻക്വയറി- 36/10.11.2023 | 6640/- (രസീതി 1230102131/ 02.08.2023) |

| | | |
|---|---|---|
| 2 | സ്കൂളുകൾക്ക് സോക്ക്പിറ്റ് യൂണിറ്റ് (70/23)- മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി- ഓഡിറ്റ് എൻക്വയറി-34/10.11.2023 | 3660/- (രസീതി 1230102132/ 13.11.2023) |
| ആകെ | | 10300/- |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 മാലിന്യ സംസ്കരണം ഒരേ ട്രിപ്പിനു 2 തവണ നൽകിയ വഹന വാടക 5850 രൂപ തിരിച്ചടവാക്കി

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട (1) ഹരിതകർമ്മസേനക്ക് വിജിഎഫ്, വാഹനവാടക (38/23), (2) മാലിന്യ സംസ്കരണം (49/23) എന്നീ 2 പ്രൊജക്റ്റുകളുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ വാർഡുകളിൽ ശേഖരിച്ച ഖരമാലിന്യം എംസിഎഫിലേക്ക് കൊണ്ട് വന്ന വാഹന വാടക ഒരേ ട്രിപ്പിനു തന്നെ ഈ 2 പ്രൊജക്റ്റുകളുടെയും അടങ്കലിൽനിന്ന് പെയ്മെന്റ് നടത്തിയതായി കണ്ടെത്തി . ആകെ 130 കിലോമീറ്റർ വാഹനം ഓടിയതിന്റെ വാടക 45 രൂപ നിരക്കിൽ ആകെ 5850 രൂപയാണ് അധികം നൽകിയത്. ഇത് തിരികെ ഈടാക്കേക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (39) നൽകിയതിന്റെ അടിസ്ഥാനത്തിൽ 5850 രൂപ 13.11.2023 ലെ രസീതി 1230102134 പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കി. ഇത് ഈ പദ്ധതികളുടെ ഫണ്ട് ചെലവഴിച്ച ധനകാര്യ കമ്മീഷൻ അവാർഡിന്റെ തിരിച്ചടവ് ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ക്രമപ്രകാരമല്ലാതെ വാടക കുടിശ്ശിക എഴുതിത്തള്ളി-പഞ്ചായത്ത് ഫണ്ടിന് 87408/- രൂപയുടെ നഷ്ടം

വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ പട്ടിക്കാട് -ചുങ്കം ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സിലെ 13ാം നമ്പർ കടമുറി ലേലം കൊണ്ട ശ്രീ.ഗിരീഷ് ടി.കെ എന്നയാളുടെ 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വാടക ഭരണസമിതിയുടെ 21.03.2023ലെ 9/2 തീരുമാന പ്രകാരം എഴുതി തള്ളിയിട്ടുണ്ട്. വാടകയിനത്തിൽ 87408/- രൂപ കുടിശ്ശിക ഉള്ളതായും ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും 08.03.2023ലെ കെ.എസ്.എ.എം.പി.എം.11/2629/22 നമ്പർ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-12, 1-15 പ്രകാരം നിർദേശിച്ചിട്ടുള്ളതാണ്. കടമുറി പൊട്ടി പൊളിഞ്ഞ് ചോർച്ചയുള്ളതിനാൽ ഉപയോഗിക്കാൻ കഴിയില്ലെന്നും, ആയതിനാൽ ടി കടമുറി ഒഴിയുകയാണെന്നും കാണിച്ച് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. (കുറിപ്പ്: ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷയിന്മേൽ തിയ്യതി, ഫ്രണ്ട് ഓഫീസിൽ ലഭിച്ചതിന്റെ നമ്പർ എന്നിവ ഇല്ല). അപേക്ഷയിന്മേൽ ഭരണ സമിതി അന്വേഷണം നടത്തി ടിയാൻ 2020-21 സാമ്പത്തിക വർഷം മുതൽ കടമുറി ഉപയോഗിച്ചിട്ടില്ല എന്നതിന്റെ അടിസ്ഥാനത്തിൽ 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വാടക കുടിശ്ശിക ആയ 87408 രൂപ 21.03.2023ലെ 9/2 തീരുമാന പ്രകാരം എഴുതി തള്ളുകയാണ് ചെയ്തിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ ) ചട്ടങ്ങൾ ചട്ടം-3(1),3(2),3(3) എന്നിവ പ്രകാരം വസൂലാക്കാൻ സാധിക്കാത്ത തുക എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമ്പോൾ സെക്രട്ടറി പരിശോധിച്ച് തുക എഴുതിത്തള്ളേണ്ടതിന്റെ കാരണങ്ങൾ കാണിച്ച് കൊണ്ടുള്ള റിപ്പോർട്ട് സഹിതം ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതും സെക്രട്ടറിയുടെ റിപ്പോർട്ട് പരിഗണിച്ച ശേഷം സ്റ്റാന്റിങ് കമ്മിറ്റിക്ക് തുക എഴുതിത്തള്ളാൻ പഞ്ചായത്തിനോട് ശുപാർശ ചെയ്യാവുന്നതുമാണ്. ഇത്തരത്തിൽ പഞ്ചായത്ത് കമ്മിറ്റി തുക എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമ്പോൾ കുടിശ്ശിക ഈടാക്കാൻ വേണ്ടി സാധ്യമായ എല്ലാ നടപടികളും കൈക്കൊണ്ടിരുന്നുവെന്നും, അത് ഈടാക്കാനുള്ള സാധ്യത വളരെ കുറവാണെന്നുമുള്ള കാര്യം ഉറപ്പാക്കേണ്ടതുമാണ്. തുക ഈടാക്കാൻ യാതൊരു വിധത്തിലും സാധിക്കുകയില്ലെന്ന് പഞ്ചായത്തിന് ബോധ്യപ്പെട്ടാൽ ഗ്രാമപഞ്ചായത്തിന് പരമാവധി ആയിരം രൂപയിൽ കവിയാത്ത തുക എഴുതിത്തള്ളാൻ തീരുമാനിക്കാവുന്നതാണ്. തുക പരമാവധിയിൽ കൂടുതലാണെങ്കിൽ കവിഞ്ഞാൽ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും സർക്കാരിൽ നിന്നും അംഗീകാരം നേടിയ ശേഷം മാത്രമേ പഞ്ചായത്തിന് എഴുതിത്തള്ളാൻ കഴിയൂ.

കൂടാതെ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ ചട്ടം-5(4) പ്രകാരം പഞ്ചായത്തിന്റെ പരിഗണനയ്ക്കായി അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതൊരു വിഷയത്തെ സംബന്ധിച്ചും , ആക്റ്റിലെയും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി തീരുമാനമെടുക്കുന്നതിനാവശ്യമായ ഉപദേശം പഞ്ചായത്തിന് നൽകാൻ സെക്രട്ടറിക്ക് ബാധ്യതയുള്ളതാണ്. കൂടാതെ ചട്ടം 29 (3) പ്രകാരം പഞ്ചായത്ത് പാസാക്കിയ ഏതെങ്കിലും തീരുമാനം നിയമാനുസൃതം പാസാക്കിയതല്ലെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം, പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യാൻ സെക്രട്ടറി പഞ്ചായത്തിനോട് രേഖാമൂലം ആവശ്യപ്പെടേണ്ടതും പഞ്ചായത്തിന്റെ തൊട്ടടുത്ത

യോഗത്തിൽ പരിഗണിച്ചതിന് ശേഷം പഞ്ചായത്ത് ആദ്യ തീരുമാനത്തിൽ ഉറച്ച് നിൽക്കുന്നുവെങ്കിൽ പഞ്ചായത്ത് തീരുമാനവും അതിൻമേലുള്ള തന്റെ അഭിപ്രായവും സെക്രട്ടറി സർക്കാരിന്റെ തീരുമാനത്തിനായി രണ്ട് ദിവസത്തിനുള്ളിൽ രജിസ്റ്റേർഡ് തപാലിൽ സർക്കാരിന് അയച്ച് കൊടുക്കേണ്ടതുമാണ്.

എന്നാൽ മേൽ വിഷയത്തിൻമേൽ സെക്രട്ടറി അന്വേഷണം നടത്തുകയോ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഭരണസമിതിയുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് തുക എഴുതിത്തള്ളിയിട്ടുള്ളത്. കൂടാതെ ചട്ട പ്രകാരം പരമാവധി ആയിരം രൂപ മാത്രമെ പഞ്ചായത്തിന് എഴുതിത്തള്ളാൻ അധികാരമുള്ളൂ എന്നിരിക്കെ ഭരണസമിതി തീരുമാന പ്രകാരം 87408/- രൂപയാണ് എഴുതിത്തള്ളിയിട്ടുള്ളത്. ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി തീരുമാനമെടുക്കുന്നതിനാവശ്യമായ ഉപദേശം സെക്രട്ടറി പഞ്ചായത്തിന് നൽകുകയോ പഞ്ചായത്ത് തീരുമാനം പുനപരിശോധിക്കാൻ സെക്രട്ടറി പഞ്ചായത്തിനോട് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 26/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്രമപ്രകാരമല്ലാതെയുള്ള നടപടിയിൽ ആവശ്യമായ ഉപദേശം നൽകാത്തത് സെക്രട്ടറിയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 87408/- രൂപയുടെ നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നു. തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2022-23 | വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി നം./പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 500000 | 11/23, ഹൈസ്കൂൾ പടി അംഗനവാടി കെട്ടിട നിർമാണം C NO 94 | 500000 | 0 |
| | 331670 | 45/23, ലൈഫ് മിഷൻ ഭവന പദ്ധതി-പട്ടിക ജാതി | 331670 | 0 |
| | 463950 | 95/23, ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 463950 | 0 |
| | 975000 | 103/23, ഓപ്പൺ ജിംനേഷ്യം | 975000 | 0 |
| | 1459022 | 202/23, ലൈഫ് മിഷൻ ഭവന പദ്ധതി-ജനറൽ | 1459022 | 0 |
| | 837966 | 203/23, ലൈഫ് മിഷൻ ഭവന പദ്ധതി-പട്ടിക ജാതി | 837966 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 629406 | 10/23, വെട്ടത്തൂർ അംഗനവാടി കെട്ടിട നിർമാണം C No. 86 | 629406 | 0 |
| | 213293 | 11/23, ഹൈസ്കൂൾ പടി അംഗനവാടി കെട്ടിട നിർമാണം C No. 94 | 213293 | 0 |
| | 792097 | 12/23, കാപ്പുങ്ങൽ കോളനി അംഗനവാടി കെട്ടിട നിർമാണം C No. 92 | 792097 | 0 |
| | 1580000 | 45/23, ലൈഫ് മിഷൻ ഭവന പദ്ധതി-പട്ടിക ജാതി | 1580000 | 0 |
| | 148350 | 95/23, ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 148350 | 0 |
| | 3510000 | 202/23, ലൈഫ് മിഷൻ ഭവന പദ്ധതി-ജനറൽ | 3510000 | 0 |
| | 1560000 | 203/23, ലൈഫ് മിഷൻ ഭവന പദ്ധതി-പട്ടിക ജാതി | 1560000 | 0 |
| | 627316 | 211/23, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് | 627316 | 0 |
| | 1485000 | 259/23, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1485000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ വൗച്ചർ നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| GWD | 93/23- ചേലപ്പറമ്പത്ത് വാമനൻ നമ്പൂതിരി നളിനി അന്തർജനം സ്മാരക ബഡ്സ് സ്കൂൾ കുഴൽകിണർ നിർമാണം | 229/2.2.23 | 2035 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 2035 |
| | 105/23-പച്ചീരി അംഗൻവാടി പ്രദേശം കുഴൽകിണർ നിർമാണം | 1.70/20.9.22-2035/-<br>2.318/4.3.23-34457/- | 36492 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 36492 |
| | 35/23-കാര പഴയ പാലം കുഴൽ കിണർ നിർമാണം | 1.74/20.9.22-2035/-<br>2.319/4.3.23-34457/- | 36492 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 36492 |
| | 34/23-യോഗത്ത് പ്പടി കുഴൽ കിണർ | 1.72/20.9.22-2035/-<br>2.317/4.3.23-43661 | 45696 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 45696 |
| | 33/23-.കോഴിശ്ശേരിപ്പടി കുഴൽകിണർ | 73/20.9.22 | 2035 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 2035 |
| | 79/23-പൊതു കിണർ | 48/25.08.22 | 247487 | 0 | വിനിയോഗ സാക്ഷ്യപത്രം | 247487 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ലഭ്യമാക്കിയിട്ടില്ല | |
| | 81/23-പുതിയ കുഴൽകിണറുകളുടെ നിർമാണം | 140/12.12.22 | 102590 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 102590 |
| | 80/23 പൂക്കാട് കോളനി കുഴൽ കിണർ | 47/25.8.22 | 174053 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 174053 |
| | 92/23 പെരിന്താറ്റിൽ കോളനി കുഴൽ കിണർ | 71/20.9.22 | 2035 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 2035 |
| KSEB | 197/23-പോസ്റ്റ് മാറ്റൽ | 45/25.8.22 | 11620 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 11620 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ തിരിച്ചടവിന്റെ വിവരം

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന നിർമ്മാണം | GO(Rt) No. 2839/2022/Fin | 22650505 | 958197 | 2483441 | 00 | 21125261 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഷെഡ്യൂൾ RP-10 പ്രകാരം തൻവർഷം 5000 രൂപ വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ സ്ഥിതി വിവരം |
|---|---|---|---|---|
| 2012-13 | 3(15) | 2013-14 | ലഘു അവലോകനം | ബഹുമാനപ്പെട്ട നിയമസഭാ സമിതിയുടെ പരിഗണനയിൽ |

| | | | | |
|---|---|---|---|---|
| 2014-15 | 2(2) | 2016-17 | ലഘുഅവലോകനം | ബഹുമാനപ്പെട്ട നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2(1) | 2016-17 | ലഘുഅവലോകനം | ബഹുമാനപ്പെട്ട നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2020-21 | 1-12 | 2021-22 | വസ്തുനികുതി | ബഹുമാനപ്പെട്ട നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ്/സർചാർജ്ജ് വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 20234955 |
| ഓഡിറ്റ് വർഷത്തെ വരവ് | 171676186 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 156553437 |
| വരവിനങ്ങളിലുള്ള നഷ്ടം | 87408/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5076581 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 87408/- | | ശ്രീമതി. സബീന എൻ, സെക്രട്ടറി |
| ആകെ | 87408/- | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 19,50,000 | ശ്രീമതി. സബീന എൻ, സെക്രട്ടറി |
| 1-16 | 1,80,560 | ശ്രീമതി. സബീന എൻ, സെക്രട്ടറി |
| 1-18 | 9,25,535 | ശ്രീമതി. സബീന എൻ, സെക്രട്ടറി |
| 1-29 | 6,00,000 | ശ്രീമതി.മാലതി. എസ്, ഹെഡ് മിസ്ട്രസ്സ് |
| 1-33-1 | 9,09,248 | ശ്രീ. അബ്ദു സലീം. പി.പി, അസിസ്റ്റന്റ് സെക്രട്ടറി. |
| 1-33-2 | 55,11,238 | ശ്രീ.അബ്ദു സലീം. പി.പി, അസിസ്റ്റന്റ് സെക്രട്ടറി. |
| ആകെ | 50,76,581 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സബീന എൻ | സെക്രട്ടറി, കിളിമാനൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | എം എം നിവാസ്, കൈപ്പള്ളി റോഡ്, ചിറ്റാറ്റുമുക്ക് പി.ഒ, തിരുവനന്തപുരം- 695301 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 95-96 | നം.കെ.എസ്.എ.എം.പി.എം.11/1555/2018(1)/ 16-05-2023 | 03 |
| 1998-99(വരവ്) | നം.എൽഎഫ് എം 16/1164/09 തി. 10-x-10 | 04 |
| 1998-99 (ചെലവ്) | നം.കെ.എസ്.എ.എം.പി.എം.11/1555/2018(2)/ 16-05-2023 | 04 |
| 1999-2000 | നം.കെ.എസ്.എ.എം.പി.എം.11/1555/2018(3)/ 16-05-2023 | 14 |
| 2000-01 | നം.കെ.എസ്.എ.എം.പി.എം.11/1555/2018(4)/ 16-05-2023 | 05 |
| 2001-02 | നം.കെ.എസ്.എ.എം.പി.എം.11/1555/2018(5)/ 16-05-2023 | 05 |
| 2002-03 | നം.കെ.എസ്.എ.എം.പി.എം.11/1555/2018(6)/ 16-05-2023 | 08 |
| 2003-04 | നം.കെ.എസ്.എ.എം.പി.എം.11/1555/2018(7)/ 16-05-2023 | 09 |
| 2004-05 | നം.കെ.എസ്.എ.എം.പി.എം.11/1555/2018(8)/ 16-05-2023 | 10 |
| 2005-06 | നം.കെ.എസ്.എ.എം.പി.എം.11/1390/2019(1)/ 25-04-2023 | 08 |
| 2006-07 | നം.കെ.എസ്.എ.എം.പി.എം.11/1390/2019(2)/ 25-04-2023 | 03 |
| 2008-09 | നം.കെ.എസ്.എ.എം.പി.എം.11/1390/2019(3)/ 25-04-2023 | 03 |
| 2009-10 | നം.കെ.എസ്.എ.എം.പി.എം.11/1390/2019(4)/ 25-04-2023 | 04 |

| | | |
|---|---|---|
| 2012-13 | നം.കെ.എസ്.എ.എം.പി.എം.11/790/2022/ 25-04-2023 | 05 |
| 2013-14,2014-15 | നം.കെ എസ് എ എം പി എം 11/199/2022 /25-04-2023 | 03 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.11/790/2022(2)/ 15-06-2023 | 06 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.11/790/2022(3)/ 15-06-2023 | 06 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.11/790/2022(4)/ 15-06-2023 | 15 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.11/790/2022(5)/ 08-06-2023 | 21 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.11/1238/2021/ 27-01-2022 | 11 |
| 2020-21 | നം.കെ.എസ്.എ.എം.പി.എം.11/2179/2021/ 01-09-2022 | 26 |
| 2021-22 | നം.കെ.എസ്.എ.എം.പി.എം.11/1010/2023 /06-06-2023 | 08 |

**ഡെപ്യൂട്ടി ഡയറക്ടർ**
**മലപ്പുറം**

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 5/1 dated 19-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vettathur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vettathur Grama Panchayat for the year 2022-2023

**Date: 21/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Vettathur Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
   i. Ratios
   ii. Notes on accounts
   iii. Comparative amounts
2. Asset register is not up to date and is not reliable for audit.
3. Calculation sheet of depreciation not produced for verification.
4. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
5. Mismatch between closing balance of balance sheet and trial balance.
6. Mismatch between balance sheet and ledger.

7. Discrepancy in carrying forward of the closing balance of the previous year in respect of the opening balance in the current year.
8. Audit recovery register is not updated and hence not reliable for audit.
9. Amount paid for deposit works not booked under separate head.
10. MGNREGS-The amount paid as wages to workers and the amount spent on construction of public assets are not booked in the annual accounts.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്